(8) നിയമസഭയോട് കാണിച്ച അനാദരവ്

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ സഭയുടെ അന്തസ്സിനെപോലും ബാധിക്കുന്നതായ ഒരു കാര്യമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ പോകുന്നത്. ഇക്കഴിഞ്ഞ 22-ാം തീയതി നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 38-ന് നെൽക്കൃഷിക്കാരെ സഹായിക്കാൻ പദ്ധതി—ഉത്തരമായി ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രി പറഞ്ഞത് നൂറിലധികം നിർദ്ദേശങ്ങൾ അടങ്ങിയ ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ട് ഗവൺമെൻറ് പഠിച്ചുവരികയാണെന്നും, ആ റിപ്പോർട്ടിൻമേൽ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ശ്രീ. എസ്. ഗോപാലൻ മറെറാരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും അതും പഠിച്ചുവരികയാണെന്നും പറഞ്ഞു. ആ നിലയിൽ ആ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാനോ പ്രസിദ്ധീകരിക്കാനോ സാദ്ധ്യമല്ലായെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇക്കഴിഞ്ഞ 27-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ അക്കമിട്ട് ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ടിൻെറ 123 നിർദ്ദേശങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീ. എസ്. ഗോപാലൻെറ എട്ട് നിർദ്ദേശങ്ങളും അതുപോലെ അക്കമിട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൻെറ അസ്സലോ, പകർപ്പോ സർക്കാർ ഈ സഭയുടെ മുമ്പാകെ വയ്ക്കുന്നതിനുപകരം പത്രങ്ങൾക്ക് പ്രസിദ്ധീകരിക്കാൻ കൊടുക്കുകയെന്നുള്ള നടപടി സ്വീകരിക്കുന്നത് ഈ സഭയെ തെറാദ്ധരിപ്പിക്കലാണ്, ഈ സഭയെ അവഹേളിക്കലാണ്, ഈ സഭയോടുള്ള അവകാശ ലംഘനമാണ്. അവകാശ ലംഘനത്തിന് ഈ മന്ത്രിയുടെ പേരിൽ നടപടിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറെറാരു കാര്യം പറയാനുള്ളത് ഇതിൽ വളരെ വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് ഉള്ളത്. ആ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഗവൺമെൻറിന് സമർപ്പിക്കുന്നതിന് , വിഷമമുണ്ടാകുമെന്ന നിലയിലുള്ള ഒരു തലക്കെട്ടാണ് ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ കൊടുത്തിട്ടുള്ളത്. സബ്സിഡി കൊടുക്കാനുള്ള നിർദ്ദേശങ്ങളുള്ളതുകൊണ്ട് ഈ റിപ്പോർട്ട് സഭയുടെ മുമ്പാകെ വയ്ക്കാതെ, അതിൻമേൽ തീരുമാനമെടുക്കാതെ ഗവൺമെൻറ് മുന്നോട്ട് പോകുന്നു എന്നുള്ളതാണ് ശരി. ഈ സബ്സിഡി രാസവളത്തിൻെറ 50 ശതമാനമാണ്. ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നത് കഴിഞ്ഞ 15 കൊല്ലത്തിനകത്ത് രാസവളത്തിൻെറ വില 100 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നാണ്. ആ നിലയിൽ 50 ശതമാനം സബ്സിഡി നെൽക്കൃഷിക്കാർക്ക് കൊടുക്കുക എന്നുള്ളതാണ് ആവശ്യമാണെന്നുള്ള കാര്യകാരണ സഹിതം അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. ഗോപാലൻ ഈ റിപ്പോർട്ട് കൊടുത്തശേഷം ഗവൺമെൻറ് മേടിച്ചതായിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത് ആകെ കൊടുക്കാനുള്ളതായ കൃഷി ചെലവിൻെറ രണ്ടു ശതമാനം സബ്സിഡിയായി കൊടുക്കാമെന്നുള്ളതാണ്. അത് സബ്സിഡിയില്ലായെന്നുള്ളതിൻെറ അർത്ഥമാണ്. അതുകൊണ്ട് ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ, ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടെങ്കിൽ നെൽക്കൃഷിക്കാർക്ക് അത്യാവശ്യം വേണ്ടതായിട്ടുള്ള സഹായം കൊടുക്കേണ്ടതായി വരും. ശ്രീ. എസ്. ഗോപാലൻ തന്നെ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ പറയുന്നത് നെൽക്കൃഷിക്കാർക്ക് വളരെയധികം ആവശ്യങ്ങളുണ്ട്, അത് വളരെയധികം വേഗത്തിൽ വകവച്ചു കൊടുക്കേണ്ടതുണ്ട് എന്നാണ്. ആ നിലയിൽ ഈ സഭ അവസാനിക്കുന്നതിനു മുമ്പ് ഈ രണ്ട് റിപ്പോർട്ടുകളേയും സംബന്ധിച്ച് ഈ സഭ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൻെറ അടിസ്ഥാനത്തിൽ ചർച്ച ചെയ്താൽ മതി, ഇനി ഞങ്ങൾക്ക് വേറെ റിപ്പോർട്ടൊന്നും വേണ്ട, റിപ്പോർട്ട് എല്ലാം ഇതിൽ ഉണ്ട്. ആ നിലയിൽ ഇത് ചർച്ച ചെയ്തേ മതിയാകൂ, മന്ത്രിയുടെ പേരിൽ അവകാശ ലംഘനത്തിന് നടപടിയുമെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, സഭയെ തെറ്റി ദ്ധരിപ്പിച്ചിട്ടില്ല സഭയോട് അനാദരവ് കാണിച്ചിട്ടുമില്ല, അവകാശലംഘനം നടത്തിയിട്ടുമില്ല. റിപ്പോർട്ടുകളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എല്ലാ റിപ്പോർട്ടുകളും മേശപ്പുറത്ത് വയ്ക്കണമെന്ന് നിർബന്ധമില്ല. ഈ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം 1981 ഫെബ്രുവരിയിൽ ജനാർദ്ദനൻ നായരെ നിയമിച്ചു, 1981 മാർച്ചിൽ റിപ്പോർട്ട് സമർപ്പിച്ചു. കുറെകൂടി വിശദമായി പഠിക്കുന്നതിന് ഒരു എക്സ്പർട്ട് കമ്മിറ്റിയെ അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ചെയർമാനായി 1981 മാർച്ചിൽ നിയമിച്ചു. 1985-ൽ റിപ്പോർട്ട് സമർപ്പിച്ചു. അത് ഇപ്പോൾ പ്ലാനിംഗ് ബോർഡ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതിനുശേഷം മാത്രമേ ഗവൺമെന്റിന് അതേക്കുറിച്ച് അവസാനമായൊരു തീരുമാനമെടുക്കാൻ സാധിക്കൂ. നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം ആവശ്യമെന്നു കണ്ടാൽ ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്. ഇന്നലെ പത്രത്തിൽ വന്ന റിപ്പോർട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അത് ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടില്ല. പത്രത്തിൽ വന്നതിനെക്കുറിച്ച് പ്രത്യേകമായി ഒന്നും പറയാനില്ല. ആ റിപ്പോർട്ട് എങ്ങനെ വന്നു എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. ഇ.കെ. നായനാർ : ഇതിനെ സംബന്ധിച്ച് ഒരുവാക്ക് പറയാനുണ്ട്. ഇതത്ര സിമ്പിളായിട്ടുള്ള ഒരു കാര്യമല്ല. മന്ത്രി മിനിഞ്ഞാന്ന് പറഞ്ഞതുതന്നെ ഇന്നും പറഞ്ഞു. ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. ഞങ്ങൾ മേശപ്പുറത്ത് വച്ചിട്ടില്ല, ഞങ്ങൾ ചർച്ച ചെയ്തിട്ടില്ലായെന്നൊക്കെ, പക്ഷേ എല്ലാ ഭാഗങ്ങളും ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നു. കഴിഞ്ഞ പതിമൂന്നു വർഷമായി ഇവിടത്തെ നെല്ല് ഉല്പാദനം ഒരു ലക്ഷം ടൺ കുറഞ്ഞിട്ടുണ്ട് എന്ന് ശ്രീ. എസ്. ഗോപാലൻ പറഞ്ഞിട്ടുണ്ട്. അപ്പോൾ അതിന്റെ ഡീറ്റെയിൽസ് വന്നു കഴിഞ്ഞു. അതിലെ ഒരു കുറവ് എന്താണെന്നുവച്ചാൽ ഈ സഭയോട് കാണിച്ച അനാദരവ് ആണ്. ഈ മന്ത്രിയും ഈ മന്ത്രിസഭയും അതിന് സമാധാനം പറയണം. അതിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ നടപടി എടുക്കണം.

ശ്രീ. എ. വി. താമരാക്ഷൻ : സർ, റൂൾ 205 അനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ. "The Speaker may, on a request being made to him and when the Assembly is not in session, order the printing, publication or circulation of a report of a Committee although it has not been presented to the Assembly. In that case the report shall be presented to the Assembly during this next session at the first convenient opportunity. ജനാർദ്ദനൻ നായർ കമ്മിറ്റി രൂപീകരിച്ചതുതന്നെ ഈ നിയമസഭയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ്, അസംബ്ലിയിൽ പ്രഖ്യാപിച്ചതുകൊണ്ടുമാണ്. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ ഈ നിയമസഭയിൽ ആ റിപ്പോർട്ട് വയ്ക്കാനുള്ള അവകാശം ഈ സഭയ്ക്കുള്ളതാണ്. അസംബ്ലിയിൽ പ്രഖ്യാപിച്ച ഒരു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചാൽ അത് ഈ അസംബ്ലിയിൽ വയ്ക്കേണ്ട ഉത്തരവാദിത്വം ഈ സഭയ്ക്കുള്ളതാണ്. അത് ചെയ്യാതെ വെളിയിൽ പത്രക്കാർക്ക് വിതരണം ചെയ്തത് സഭയോടുള്ള അനാദരവാണ് അത് അംഗീകരിക്കാൻ കഴിയുന്നതല്ല, അതിനെ സംബന്ധിച്ച് ചെയർ റൂളിംഗ് നൽകണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇത് നിയമസഭ കമ്മിറ്റിയുടെ കാര്യമാണ്, ഗവൺമെന്റ് അപ്പോയിന്റ് ചെയ്ത കമ്മിറ്റിയുടെ കാര്യമല്ല. ഇത് പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : No further point of orders.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ചെയറിന്റെ റൂളിംഗിനെ അടിസ്ഥാനപ്പെടുത്തി ഒരു പോയിന്റ് ഓഫ് ഓർഡർ. സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ സുപ്രധാനമായ നയപ്രഖ്യാപനം.....

Mr. Speaker : Let me first dispose that point of order. റൂൾ 205 ലെജിസ്ലേച്ചർ കമ്മിറ്റികളെക്കുറിച്ചുള്ള കാര്യമാണ്. 'It is not a Legislative Committee Report'. എന്തായാലും ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കാം. അതിനുശേഷം പിന്നീട് അറിയിക്കുന്നതാണ്.

(9) നെഴ്സിംഗ് വിദ്യാർത്ഥിനികളുടെ നിരാഹാരസത്യാഗ്രഹം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഹൃദയമുള്ള ഏതൊരാളേയും വേദനിപ്പിക്കുന്ന രംഗമാണ് സെക്രട്ടേറിയറ്റ് നടയിൽ കാണുന്നത്. 7 ദിവസമായി നിരാഹാരസമരം നടത്തിക്കൊണ്ടിരിക്കുന്ന നേഴ്സിംഗ് വിദ്യാർത്ഥി സംഘടനയുടെ രണ്ട് നേതാക്കൾ (പെൺകുട്ടികൾ) നിരാഹാരം നടത്തുന്ന സ്ഥലത്ത് മഴയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി അവിടെ കെട്ടിയിരുന്ന പന്തൽ ഇന്നലെ അർദ്ധരാത്രി 12 മണിക്ക് ശേഷം പോലീസുകാർ നശിപ്പിച്ചിരിക്കുകയാണ്. ഒരുതുള്ളി കണ്ണീരെങ്കിലും ശ്രീ. കരുണാകരന് ബാക്കിയുണ്ടെങ്കിൽ, അമ്മമാരോടും സഹോദരിമാരോടും കരുണയുണ്ടെങ്കിൽ ഇത് ചെയ്യാൻ അനുവദിക്കുമായിരുന്നില്ല. ഈ പരാക്രമം സ്ത്രീകളോടു വേണോ ? അതും അർദ്ധരാത്രി. അപ്പോൾ കൃഷ്ണൻനായരും, അവിടെയുണ്ടായിരുന്നു. ആ പന്തലാണ് നശിപ്പിച്ചത്. രാത്രിമുഴുവൻ അവർ മഴനനഞ്ഞു. പന്തൽ കെട്ടാനുള്ള സ്വാതന്ത്ര്യമെങ്കിലും, നിരാഹാരം കിടക്കാനുള്ള സ്വാതന്ത്ര്യമെങ്കിലും ഗാന്ധിശിഷ്യനായ ശ്രീ. കരുണാകരൻ അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പൊതുജനങ്ങൾക്കും ട്രാഫിക്കിനും ബുദ്ധിമുട്ടുണ്ടായതിനെ തുടർന്ന് സെക്രട്ടേറിയറ്റ് പടിക്കൽ പന്തൽകെട്ടി സമരം നടത്തുന്ന ഏർപ്പാട് പാടില്ല എന്നുപറഞ്ഞ് കുറേക്കാലമായി പന്തൽ കെട്ടാൻ അനുവദിക്കാറില്ല. കോർപ്പറേഷന്റെ അനുവാദമില്ലാതെ, ആരുടേയും അംഗീകാരമില്ലാതെ പന്തൽ കെട്ടുന്നത് നിയമവിരുദ്ധമായിട്ടുള്ള നടപടിയാണ്. സത്യാഗ്രഹപന്തൽ എന്ന നിലയിൽ പന്തൽകെട്ടി സത്യാഗ്രഹം നടത്തുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ പ്രയാസമാണ്, ഒരു കാരണവശാലും അത് അനുവദിക്കുകയില്ല.

ശ്രീ. ഇ. കെ. നായനാർ : പന്തൽ കെട്ടിയില്ല. അവർ മഴനനയുന്നത് തടയാനുള്ളതാണ്. ഞങ്ങളും പ്രതിപക്ഷനേതാക്കന്മാർ സമരം നടത്താൻ പോകുകയാണ്.

(ബഹളം)

(10) കടലാശ്ശേരിയിൽ നടന്ന കൊലപാതകം

ശ്രീ. കെ. പി. പ്രഭാകരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ചേർപ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട കടലാശ്ശേരിൽ കഴിഞ്ഞ 25-ാം തീയതി അർദ്ധരാത്രിയിൽ ഏതാനും മുഖംമൂടികൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly